വിവിധ വകുപ്പുകളിൽ നിന്ന് എത്ര പേർ ജില്ലാ-ബ്ലോക്ക്-ഗ്രാമ പഞ്ചായത്തുകളിൽ ജോലി ചെയ്യുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇവരുടെ വിശദാംശം വ്യക്തമാക്കുമോ;

(സി) ഉദ്യോഗസ്ഥരുടെ പുനർവിന്യാസം സംബന്ധിച്ച സെൻ കമ്മിറ്റി ശുപാർശകൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇത് നടപ്പിലാക്കുന്നതിന് നാളിതുവരെയായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 18.9.95-ലെ ജി.ഒ.(പി)189/95/തദ്ദേവ നമ്പർ സർക്കാർ ഉത്തരവിലെ അനുബന്ധം 5-എ, ബി, സി-യിൽ പരാമർശിച്ചിട്ടുള്ള തസ്തികകളിൽ പ്രവർത്തിക്കുന്ന വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരെ ത്രിതലപഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ട്.

(ബി) അധികാരവികേന്ദ്രീകരണ സമിതിയുടെ പഠനവിഷയത്തിൽ ഒന്ന് ഉദ്യോഗസ്ഥരുടെ പുനർവിന്യാസമാണ്. ഇതു സംബന്ധിച്ച സമിതിയുടെ റിപ്പോർട്ട് ലഭിച്ച് സർക്കാർ അതു പരിശോധിച്ച് അംഗീകരിച്ചു നടപ്പിലാകുമ്പോൾ ഇക്കാര്യത്തിൽ മാറ്റം ഉണ്ടാകുമെന്നതിനാൽ അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി തദ്ദേശഭരണ സ്ഥാപനങ്ങൾക്കു കൈമാറിയ ഉദ്യോഗസ്ഥരെ സംബന്ധിച്ച സമാകൃത കണക്കുകൾ സർക്കാർ ശേഖരിച്ചിട്ടില്ല.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് സർക്കാർ ജീവനക്കാരെ പുനർവിന്യസിപ്പിക്കുന്നത് സംബന്ധിച്ച അധികാരവികേന്ദ്രീകരണ കമ്മിറ്റിയുടെ റിപ്പോർട്ട് ഇതുവരെ ലഭിച്ചിട്ടില്ല.

(ഡി) ഉദിക്കുന്നില്ല.

മുനിസിപ്പൽ സെക്രട്ടറിമാരുടെ നിയമനം

107(2163)ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പൽ സെക്രട്ടറിമാരുടെ ഒഴിവിൽ നിയമബിരുദം ഇല്ലാത്തവരെ നിയമിക്കാറുണ്ടോ;

(ബി) പൊതു താത്പര്യവും കാര്യക്ഷമതയും കണക്കിലെടുത്ത് പി.എസ്.സി.റാങ്ക് ലിസ്റ്റില്ലാത്ത സന്ദർഭത്തിൽ മുനിസിപ്പൽ സെക്രട്ടറിമാരായി നിയമവകുപ്പിലെ നിയമപരിജ്ഞാനമുള്ളവരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മുനിസിപ്പൽ കോമൺ സർവ്വീസിലേയും മുനിസിപ്പൽ ഭരണ വകുപ്പിലേയും ജീവനക്കാർക്കായി സംവരണം ചെയ്യപ്പെട്ടിട്ടുള്ള ഒഴിവിൽ നിയമനത്തിന് നിയമ ബിരുദം ആവശ്യമില്ല.

(ബി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly